## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6291** **10-07-2024 - ൽ മറുപടിയ്ക്ക്**

## എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി കരാറിൽ ഏർപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സിവിൽ പ്രവൃത്തികൾക്കായി 06.02.2020 ൽ കരാറിൽ ഏർപ്പെട്ടു. |
| (ബി) | പ്രസ്തുത പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ സിവിൽ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. സിവിൽ പ്രവൃത്തികളുടെ ഭാഗമായി കരിങ്കൽ ഡംബിഗ് പ്രവൃത്തികളും സിസ്റ്റേണിന്റെ പ്രവൃത്തിയും പമ്പ് ഹൗസിന്റെ പ്രവൃത്തിയും പമ്പ് ഹൗസ് മുതൽ സിസ്റ്റേൺ വരെ ഡി ഐ പൈപ്പ് ഇടുന്ന പ്രവൃത്തിയും 95% പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് പുതിയ നിരക്കിൽ സാങ്കേതികാനുമതി PWD ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും ലഭ്യമാകാനുണ്ട്. സാങ്കേതികാനുമതി ലഭിച്ചാൽ മാത്രമേ ഇലക്ട്രിക്കൽ, മെക്കാനിക്കൽ വിഭാഗങ്ങൾക്ക് തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനും തുടർന്ന് പദ്ധതി കമ്മീഷൻ ചെയ്യാനും സാധിക്കുകയുള്ളൂ. |
| (സി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്നും പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | മറുപടി (ബി ) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ